

തൃക്കാക്കര ഭാരതമാത കോളജിലെ റിട്ട.പ്രഫ.കുര്യാസ് ജെ.കടവനെ ആദരിക്കാനെത്തിയ എൻസിസി കെഡറ്റുകൾ വീട്ടുമുറ്റത്ത് നടത്തിയ പരേഡിൽ അദ്ദേഹം അഭിവാദ്യം സ്വീകരിക്കുന്നു. എൻസിസി ഓഫിസർ ലഫ്.നിധിൻ തോമസ് സമീപം.

# അര നൂറ്റാണ്ടിന്റെ കടപ്പാട്; അധ്യാപകന്റെ വീട്ടുമുറ്റത്ത് എൻസിസി പരേഡ്

തൃക്കാക്കര● അര നൂറ്റാണ്ട് മുൻപ് എൻസിസിയെ ഭാരതമാത കോളജ് ക്യാംപസിലെത്തിച്ച് വർഷങ്ങളോളം അതിന്റെ ചുമതലക്കാരനായിരുന്ന പ്രിയപ്പെട്ട അധ്യാപകന് എൻസിസിയിലെ പുതിയ തലമുറ വീട്ടിലെത്തി അഭിവാദ്യം അർപ്പിച്ചു.

ഭാരതമാത കോളജ് റിട്ട.അധ്യാപകൻ കുര്യാസ് ജെ.കടവന്റെ തൃക്കാക്കരയിലെ വീട്ടിലാണ് സ്വാതന്ത്ര്യ ദിനത്തിൽ വേറിട്ട ആദരവ് അരങ്ങേറിയത്. കോളജിലെ സ്വാതന്ത്ര്യ ദിന പരേഡിനു ശേഷമാണ് എൻസിസി കെഡറ്റുകൾ ആദ്യ എൻസിസി ഓഫിസറുടെ വീട്ടിലെത്തി പരേഡ് നടത്തിയത്. നിലവിലെ എൻസിസി ഓഫിസർ ലഫ്.നിധിൻ തോമസിന്റെ നേതൃത്വത്തിലാണ് കെഡറ്റുകൾ എത്തിയത്. വീട്ടുമുറ്റത്തെ പരേഡിൽ കുര്യാസ് അഭിവാദ്യം സ്വീകരിച്ചു. 1965ൽ ഭാരതമാത കോളജ് സ്ഥാപിച്ച കാലം മുതൽ അധ്യാപകനായിരുന്നു കുര്യാസ് ജെ.കടവൻ. കോളജിൽ എൻസിസി ആരംഭിക്കാൻ മുൻകയ്യെടുത്തു. പിന്നീട് അതിന്റെ ചുമതലക്കാരനുമായി.

കെമിസ്ട്രി വിഭാഗം മേധാവിയായിരുന്ന കുര്യാസ് 1992ൽ വിരമിച്ചു.

അധ്യാപനത്തിനിടെ തൃക്കാക്കര പഞ്ചായത്ത് പ്രസിഡന്റ് പദവിയും വഹിച്ചു.

മലയാള മനോരമ 16/8/23